# أدعية جامعة

# സമഗ്രമായ പ്രാർത്ഥനകൾ

# സമഗ്രമായ പ്രാർത്ഥനകൾ[1]

# ആദ്യമായി: പ്രാർത്ഥനകൾ ഖുർആനിൽ നിന്ന്.

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنتَ السَّمِيعُ الْعَلِيمُ* وَتُبْ عَلَيْنَآ إِنَّكَ أَنتَ التَّوَّابُ الرَّحِيمُ. رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ. رَبَّنَا لاَ تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا. رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا. رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَآ أَنتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ. رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ. رَبَّنَا إِنَّنَا آمَنَّا فَاغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ النَّارِ. رَبِّ هَبْ لِي مِن لَّدُنْكَ ذُرِّيَّةً طَيِّبَةً إِنَّكَ سَمِيعُ الدُّعَاءِ. رَبَّنَا آمَنَّا بِمَا أَنزَلَتْ وَاتَّبَعْنَا الرَّسُولَ فَاكْتُبْنَا مَعَ الشَّاهِدِينَ. رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وانصُرْنَا عَلَى الْقَوْمِ الْكَافِرِينَ. رَبَّنَا مَا خَلَقْتَ هَذا بَاطِلاً سُبْحَانَكَ فَقِنَا عَذَابَ النَّارِ. رَبَّنَا إِنَّكَ مَن تُدْخِلِ النَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ رَّبَّنَا إِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلإِيمَانِ أَنْ آمِنُواْ بِرَبِّكُمْ فَآمَنَّا رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الأبْرَارِ. رَبَّنَا وَآتِنَا مَا وَعَدتَّنَا عَلَى رُسُلِكَ وَلاَ تُخْزِنَا يَوْمَ الْقِيَامَةِ إِنَّكَ لاَ تُخْلِفُ الْمِيعَادَ. رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ. رَبَّنَا لاَ تَجْعَلْنَا مَعَ الْقَوْمِ الظَّالِمِينَ. حَسْبِيَ اللّهُ لا إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ. رَبَّنَا لاَ تَجْعَلْنَا فِتْنَةً لِّلْقَوْمِ الظَّالِمِينَ وَنَجِّنَا بِرَحْمَتِكَ مِنَ الْقَوْمِ الْكَافِرِينَ. رَبِّ اجْعَلْ هَذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ

---

[1] ഈ പ്രാർത്ഥനകൾ ആശയ സമ്പുഷ്ടങ്ങളായവയാണ്, അവയിൽ ചിലത് ഖുർആനിലും, ചിലത് നബിയുടെ -ﷺ- സുന്നത്തിൽ സ്ഥിരപ്പെട്ടവയുമാണ്. ഈ പ്രാർത്ഥനകൾ ഏത് സമയത്തും, ഏത് സ്ഥലത്തും ചൊല്ലാവുന്നതാണ്, പ്രത്യേകിച്ച് ത്വവാഫ്, സഅ്യ്, അറഫ, മുസ്ദലിഫ തുടങ്ങിയ സന്ദർഭങ്ങളിൽ. ഇതല്ലാത്ത സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും പ്രാർത്ഥിക്കാവുന്നതാണ്.

أَن نَّعْبُدَ الأَصْنَامَ. رَبِّ اجْعَلْنِي مُقِيمَ الصَّلاَةِ وَمِن ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ. رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ. رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا. رَبِّ اشْرَحْ لِي صَدْرِي، وَيَسِّرْ لِي أَمْرِي. رَّبِّ زِدْنِي عِلْمًا. لا إِلَهَ إِلا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ. رَبِّ لا تَذَرْنِي فَرْدًا وَأَنتَ خَيْرُ الْوَارِثِينَ. رَّبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ. رَبَّنَا آمَنَّا فَاغْفِرْ لَنَا وَارْحَمْنَا وَأَنتَ خَيْرُ الرَّاحِمِينَ. رَّبِّ اغْفِرْ وَارْحَمْ وَأَنتَ خَيْرُ الرَّاحِمِينَ. رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا. إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا. رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا. رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ. رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي. رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِينَ. عَسَى رَبِّي أَن يَهْدِيَنِي سَوَاءَ السَّبِيلِ. رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ. رَبِّ هَبْ لِي مِنَ الصَّالِحِينَ. رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ. رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ الْمَصِيرُ. رَبَّنَا اغْفِرْ لَنَا وَلإِخْوَانِنَا الَّذِينَ سَبَقُونَا بِالإِيمَانِ وَلا تَجْعَلْ فِي قُلُوبِنَا غِلاًّ لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيمٌ. رَبَّنَا لا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا وَاغْفِرْ لَنَا رَبَّنَا إِنَّكَ أَنتَ الْعَزِيزُ الْحَكِيمُ. رَبَّنَا أَتْمِمْ لَنَا نُورَنَا وَاغْفِرْ لَنَا إِنَّكَ عَلَى كُلِّ شَيْءٍ قَدِيرٌ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാവാരിധിയുമാകുന്നു.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് നൽകേണമേ; പരലോകത്തും നീ നല്ലത് നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് അബദ്ധം പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി.അതിനാൽ ധിക്കാരികളും അവിശ്വാസികളുമായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ സന്മാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.'

ഞങ്ങളുടെ റബ്ബേ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കുകയും ചെയ്യേണമേ.

എന്റെ റബ്ബേ, എനിക്ക് നിന്റെ പക്കൽ നിന്ന് ഒരുത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ.

ഞങ്ങളുടെ റബ്ബേ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും,(നിന്റെ) റസൂലിനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിരുകവിയലും ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ. ഞങ്ങളുടെ കാൽപാദങ്ങൾ നീ ഉറപ്പിച്ചു നിറുത്തുകയും, അവിശ്വാസികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ റബ്ബേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കേണമേ.

ഞങ്ങളുടെ റബ്ബേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ

നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല താനും.

ഞങ്ങളുടെ റബ്ബേ, ഈമാനിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ 'നിങ്ങൾ നിങ്ങളുടെ റബ്ബിൽ വിശ്വസിക്കുവിൻ' എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തുതരികയും ഞങ്ങളുടെ തിൻമകൾ നീ മായ്ച്ചുകളയുകയും ചെയ്യേണമേ. സദ്-വൃത്തരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ റബ്ബേ, നിന്റെ റസൂലുകൾ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ ഞങ്ങൾക്ക് നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.

ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിലാക്കരുതേ.

എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവന്റെ

മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ ഉടമസ്ഥൻ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നീ അക്രമികളായ ജനവിഭാഗത്തിന്റെ മർദ്ദനത്തിന് ഇരയാക്കരുതേ, ഞങ്ങളെ നീ നിന്റെ കരുണയാൽ അവിശ്വാസികളായ ജനവിഭാഗത്തിൽ നിന്ന് രക്ഷിക്കേണമേ.

എന്റെ റബ്ബേ, ഈ നാടിനെ നീ നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.

എന്റെ റബ്ബേ, എന്നെ നീ നിസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ.എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ റബ്ബേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

ഞങ്ങളുടെ റബ്ബേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും ഈമാനുള്ളവർക്കും നീ പൊറുത്തുതരേണമേ.

ഞങ്ങളുടെ റബ്ബേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.

എന്റെ റബ്ബേ, എനിക്ക് നീ ഹൃദയവിശാലത നൽകേണമേ, എന്റെ കാര്യങ്ങൾ എളുപ്പമാക്കേണമേ.

എന്റെ റബ്ബേ, എനിക്ക് നീ അറിവ് വർദ്ധിപ്പിച്ചു തരേണമേ.

നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.

എന്റെ റബ്ബേ, നീ എന്നെ ഏകനായി (പിന്തുടർച്ചക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ.

എന്റെ റബ്ബേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. എന്റെ റബ്ബേ, അവർ എന്നെ സമീപിക്കാതിരിക്കാൻ ഞാൻ നിന്നോട് രക്ഷതേടുന്നു.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ.

എന്റെ റബ്ബേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ.

ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് മോശമായ വാസ സ്ഥലവും താമസ സ്ഥലവുകുന്നു.

ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും സൂക്ഷ്മത പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.

എന്റെ റബ്ബേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ.

എന്റെ റബ്ബേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ.

എന്റെ റബ്ബേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ.

എന്റെ റബ്ബ് ശരിയായ മാർഗത്തിലേക്ക് എന്നെ നയിച്ചേക്കാം.

എന്റെ റബ്ബേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മക്കും ഞാൻ ആവശ്യക്കാരനാകുന്നു.

എന്റെ റബ്ബേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (സന്താനമായി) പ്രദാനം ചെയ്യേണമേ.

എന്റെ റബ്ബേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

ഞങ്ങളുടെ റബ്ബേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിന്നിലേക്ക് തന്നെയാണ് തിരിച്ചുവരവ്.

ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്കും ഈമാനിൽ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ,
ഈമാനുള്ളവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ.ഞങ്ങളുടെ റബ്ബേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാവാരിധിയുമാകുന്നു.

ഞങ്ങളുടെ റബ്ബേ, ഞങ്ങളെ നിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് നീ പൊറുത്തുതരികയും

ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും.

ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ച് തരികയും, ഞങ്ങൾക്ക് നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുറ്റവനാകുന്നു.

## രണ്ടാമതായി: നബിയുടെ (ﷺ) സുന്നത്തിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകൾ:

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ، وَفِتْنَةِ الْقَبْرِ، وَعَذَابِ الْقَبْرِ، ِ وَشَرِّ فِتْنَةِ الْغِنَى، وَشَرِّ فِتْنَةِ الْفَقْرِ.

അല്ലാഹുവേ, നരകത്തിന്റെ പരീക്ഷണങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും, ഖബ്റിന്റെ പരീക്ഷ ണങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും, ധനത്തി ന്റെയും ദാരിദ്ര്യത്തിന്റെയും പരീക്ഷണത്തിന്റെ ദോഷത്തിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടു ന്നു.

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ.

അല്ലാഹുവേ! മസീഹുദ്ദജ്ജാലിന്റെ പരീക്ഷണ ത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കു ന്നു.

اللَّهمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ وَالْبَرَدِ، وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا نَقَّيتَ الثَّوْبَ الْأَبْيَضَ مِنَ الدَّنَسِ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ.

അല്ലാഹുവേ! മഞ്ഞും വെള്ളവും ആലിപ്പഴവും കൊണ്ട് എന്റെ ഹൃദയം നീ കഴുകേണമേ! വെള്ള വസ്ത്രം കറകളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നത് പോലെ, എന്റെ ഹൃദയത്തെ നീ പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കേണമേ! കിഴക്കിനും പടിഞ്ഞാറിനും ഇടയിൽ നീ അകലം സൃഷ്ടിച്ചതു പോലെ എനിക്കും എന്റെ പാപങ്ങൾക്കുമിടയിൽ നീ അകലമുണ്ടാക്കേണമേ!

اللَّهمَّ إنِّي أَعُوذُ بِكَ مِنَ الْكَسَلِ وَالْهَرَمِ وَالْمَأْثَمِ وَالْمَغْرَمِ.

അല്ലാഹുവേ, മടിയിൽ നിന്നും, വാർദ്ധക്യത്തിൽ നിന്നും, പാപത്തിൽ നിന്നും, കടബാധ്യതയിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.

اللَّهمَّ إنِّي أَعُوذ بِك مِنَ الْعَجْز وَالْكَسَل، وَالْجُبْن وَالْهَرَم وَالْبُخْل، وَأَعُوذ بِك مِنْ عَذَاب الْقَبْر، وَمِنْ شَرّ فِتْنَة الْمَحْيَا وَالْمَمَات.

അല്ലാഹുവേ, ബലഹീനത, അലസത, ഭീരുത്വം, വാർദ്ധക്യം, പിശുക്ക് എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു. ഖബ്ർ ശിക്ഷയിൽ നിന്നും, ജീവിതത്തിന്റെയും മരണത്തിന്റെയും ദോഷകരമായ പരീക്ഷണങ്ങളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു.

اللَّهم إني أَعوذُ بكَ مِنْ جَهْدِ الْبَلاءِ، وَدَرَكِ الشَّقَاءِ، وَسُوءِ الْقَضَاءِ، وَشَمَاتَةِ الأَعْدَاءِ.

അല്ലാഹുവേ, പരീക്ഷണങ്ങളുടെ കഷ്ടതയിൽ നിന്നും, ദൗർഭാഗ്യം നേരിടേണ്ടി വരുന്നതിൽ നിന്നും, വിധിയുടെ തിന്മയിൽ നിന്നും ശത്രുക്കളുടെ ആഹ്ളാദത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

اللَّهمَّ أَصْلِحْ لِي دِينِي اَلَّذِي هُوَ عِصْمَةُ أَمْرِي، وَأَصْلِحْ لِي دُنْيَايَ اَلَّتِي فِيهَا مَعَاشِي، وَأَصْلِحْ لِي آخِرَتِي اَلَّتِي إِلَيْهَا مَعَادِي، وَاجْعَلِ اَلْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ، وَاجْعَلِ اَلْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ.

അല്ലാഹുവേ, എന്റെ രക്ഷാ കവചമായ ദീനിനെ നീ എനിക്കുവേണ്ടി നന്നാക്കി തീർക്കേണമേ. എന്റെ ഉപജീവനോപാധിയായ ഇഹലോകവും മടക്കസ്ഥാനമായ പരലോകവും എനിക്കു വേണ്ടി നീ നന്നാക്കി തീർക്കേണമേ. എന്റെ ജീവിതത്തിലുടനീളം നന്മകൾ നീ വർദ്ധിപ്പിക്കേണമേ. എന്റെ മരണത്തെ എല്ലാ ദോഷങ്ങളിൽ നിന്നുമുള്ള ആശ്വാസമാക്കേണമേ.

اللَّهمَّ إِنِّي أَسْأَلُكَ الْهُدَى، وَالتُّقَى، وَالْعَفَافَ، وَالْغِنَى.

അല്ലാഹുവേ! സന്മാർഗവും, സൂക്ഷ്മതയും, ജീവിതവിശുദ്ധിയും, ധന്യതയും നിന്നോട് ഞാൻ ചോദിക്കുന്നു.

اللَّهمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ، وَالْجُبْنِ وَالْبُخْلِ، وَالْهَرَمِ وَعَذَابِ الْقَبْرِ.

അല്ലാഹുവേ, ബലഹീനത, അലസത, ഭീരുത്വം, പിശുക്ക്, വാർദ്ധക്യം, ഖബ്ർ ശിക്ഷ എന്നിവയിൽ നിന്നെല്ലാം നിന്നോട് ഞാൻ അഭയം തേടുന്നു.

اللَّهمَّ آتِ نَفْسِي تَقْوَاهَا، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا، أَنْتَ وَلِيُّهَا وَمَوْلَاهَا.

അല്ലാഹുവേ, എന്റെ ആത്മാവിന് നീ തഖ്‌വ നൽകേണമേ, അതിനെ നീ സംസ്കരിക്കേണമേ, നീ തന്നെയാണ് അതിനെ ഏറ്റവും നന്നായി സംസ്കരിക്കുന്നവൻ. നീയാണ് അതിന്റെ ഉടമസ്ഥനും രക്ഷാധികാരിയും.

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ، وَمِنْ قَلْبٍ لَا يَخْشَعُ، وَمِنْ نَفْسٍ لَا تَشْبَعُ، وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا.

അല്ലാഹുവേ, പ്രയോജനമില്ലാത്ത വിജ്ഞാനത്തിൽ നിന്നും, ഭയമുണ്ടാകാത്ത ഹൃദയത്തിൽ നിന്നും, മതിവരാത്ത മനസ്സിൽ നിന്നും, ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

اللَّهمَّ اهْدِنِي وَسَدِّدْنِي.

അല്ലാഹുവേ! നീ എന്നെ സന്മാർഗത്തിലേക്ക് നയിക്കുകയും, എന്നെ നീ നേരെ നില നിർത്തുകയും ചെയ്യണമേ!

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِك، وَتَحَوُّلِ عَافِيَتِكَ، وَفَجْأَةِ نِقْمَتِكَ، وَجَمِيعِ سَخَطِكَ.

അല്ലാഹുവേ, നീ നൽകിയ അനുഗ്രഹങ്ങൾ ഇല്ലാതാവുകയും,സൗഖ്യം നീങ്ങിപ്പോകുകയും,നിന്റെ പെട്ടെന്നുള്ള ശിക്ഷാ നടപടിയിൽ നിന്നും, നിന്റെ മുഴുവൻ കോപങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

اللَّهمَّ إِنِّي أعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ ومنْ شَرِّ مَا لَمْ أعْمَلْ.

അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിന്റെ ദോഷത്തിൽ നിന്നും, പ്രവർത്തിക്കാത്തതിന്റെ ദോഷത്തിൽ നിന്നും നിന്നോട് കാവലിനെ ചോദിക്കുന്നു.

لَا إِلهَ إِلَّا اللَّهُ، الْعَظِيمُ الْحَلِيمُ، لَا إِلهَ إِلَّا اللَّهُ، رَبُّ الْعَرْشِ الْعَظِيمِ، لَا إِلهَ إِلَّا اللَّهُ، رَبُّ السَّموَاتِ، وَرَبُّ الأَرْضِ، وَرَبُّ الْعَرْشِ الْكَرِيمِ.

ഏറ്റവും മഹാനും സഹനശീലനുമായ അല്ലാഹു വല്ലാതെ ആരാധനക്കർഹനില്ല. അതിമഹത്തായ സിംഹാസനത്തിന്റെ ഉടമസ്ഥനായ അല്ലാഹു വല്ലാതെ ആരാധനക്കർഹനില്ല. ആകാശങ്ങളുടേയും ഭൂമിയുടെയും പരിപാവനമായ സിംഹാസനത്തിന്റെയും രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല.

اللَّهمَّ رَحْمَتَكَ أَرْجُو فَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ، وَأَصْلِحْ لِي شَأْنِي كُلَّهُ لَا إِلَهَ إِلاّ أَنْتَ.

അല്ലാഹുവേ, നിന്റെ കാരുണ്യമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിനാൽ കണ്ണിമ വെട്ടുന്ന നേരത്തേക്ക് പോലും എന്റെ കാര്യങ്ങൾ എന്നിലേക്ക് തന്നെ നീ ഏൽപ്പിക്കരുതേ.എന്റെ മുഴുവൻ വ്യവഹാരങ്ങളും എനിക്ക് നീ ഗുണകരമാക്കേണമേ. നീയല്ലാതെ ആരാധനക്കർഹനില്ല.

اللَّهمَّ إِنّي عَبْدُكَ، ابْنُ عَبْدِكَ، ابْنُ أَمَتِكَ، نَاصِيَتِى بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوْ أَنْزَلْتَهُ في كِتَابِكَ، أَوِ اسْتَأْثَرْتَ بِهِ فِى عِلْمِ الْغَيْبِ عِنْدَكَ: أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجِلَاءَ حُزْنِي، وَذَهَابَ هَمِّي.

അല്ലാഹുവേ, ഞാൻ നിന്റെ അടിമയും, നിന്റെ അടിമയുടേയും അടിയാത്തിയുടേയും പുത്രനുമാകുന്നു. എന്റെ മൂർദ്ധാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനമാണ് എന്നിൽ നടപ്പാകുക. നിന്റെ വിധി എന്നിൽ നീതി പൂർവ്വകമാണ്. നിനക്കുള്ള മുഴുവൻ നാമങ്ങളും മുൻനിറുത്തി ഞാൻ നിന്നോട് ചോദിക്കുന്നു. അത് നീ സ്വയം നാമകരണം ചെയ്തതാകട്ടെ, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതാകട്ടെ, നിന്റെ ഗ്രന്ഥത്തിൽ നീ അ

വതരിപ്പിച്ചതാകട്ടെ, നിന്റെ പക്കലുള്ള അദൃശ്യ ജ്ഞാനത്തിൽ നീ അജ്ഞാതമാക്കിയതാകട്ടെ, (അവയെല്ലാം മുൻനിറുത്തി നിന്നോട് ഞാൻ ചോദിക്കുന്നു.) പരിശുദ്ധ ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും, നെഞ്ചിന്റെ പ്രകാശവും, ദുഃഖം നീക്കുന്നതും، മനോവ്യഥകൾ പോക്കുന്നതുമാക്കേണമേ.

اللَّهمَّ مُصَرِّف الْقُلُوب صَرِّفْ قُلُوبنَا عَلَى طَاعَتك.

അല്ലാഹുവേ! ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ ! ഞങ്ങളുടെ ഹൃദയങ്ങളെ നിന്നെ അനുസരിക്കുന്നതിലേക്ക് നീ മാറ്റേണമേ!

يَا مُقَلِّبَ الْقُلُوبِ، ثَبِّتْ قَلْبِي عَلَى دِينِكَ.

ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ ദീനിൽ നീ ഉറപ്പിച്ചു നിറുത്തേണമേ.

اللَّهمَّ إني أسألُكَ العَافِيَةَ في الدنيا والآخِرةِ.

അല്ലാഹുവേ, ഞാൻ നിന്നോട് ഇഹലോകത്തും പരലോകത്തും സൗഖ്യം ചോദിക്കുന്നു.

اللَّهمَّ أَحْسِنْ عَاقِبَتَنَا فِى الأُمُورِ كُلِّهَا، وَأَجِرْنَا مِنْ خِزْيِ الدُّنْيَا، وَعَذَابِ الآخِرَةِ.

അല്ലാഹുവേ, ഞങ്ങളുടെ എല്ലാ കാര്യങ്ങളിലേയും പര്യവസാനം നീ നന്നാക്കിത്തരേണമേ. ദുനിയാവിലെ നിന്ദ്യതയിൽ നിന്നും പരലോക ശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തീടേണമേ.

رَبِّ أَعِنِّي وَلا تُعِنْ عَلَيَّ، وَانْصُرْنِي وَلا تَنْصُرْ عَلَيَّ، وَامْكُرْ لِي، وَلا تَمْكُرْ عَلَيَّ، وَاهْدِنِي، وَيَسِّرِ الْهُدَى إِلَيَّ، وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ.

എന്റെ റബ്ബേ, എനിക്ക് സഹായം നൽകേണമേ, എനിക്കെതിരെ സഹായിക്കരുതേ, എനിക്ക് വിജയം നൽകേണമേ, എനിക്കെതിരെ വിജയം നൽകരുതേ, എനിക്കനുകൂലമായി നീ തന്ത്രം പ്രയോഗിക്കേണമേ, എനിക്കെതിരെ നീ തന്ത്രം പ്രയോഗിക്കരുതേ. എന്നെ നേർമാർഗത്തിലാക്കുകയും നേർമാർഗം എനിക്ക് എളുപ്പമാക്കി തീർക്കുകയും ചെയ്യേണമേ. എന്നോട് അന്യായം പ്രവർത്തിച്ചവർക്കെതിരിൽ എന്നെ നീ സഹായിക്കേണമേ .

رَبِّ اجْعَلْنِي لَكَ شَكَّارًا، لَكَ ذَكَّارًا، لَكَ رَهَّابًا، لَكَ مِطْوَاعًا، إِلَيْكَ مُخْبِتًا، أَوَّاهًا مُنِيبًا.

എന്റെ റബ്ബേ, എന്നെ നിന്നോട് ഏറ്റവും നന്ദിയുള്ളവനും, ദിക്റ് ചെയ്യുന്നവനും, നിന്നെ ഭയപ്പെടുന്നവനും, അനുസരണയുള്ളവനും, താഴ്മയുള്ളവനും, പശ്ചാതപിക്കുന്നവനും, നിന്നിലേക്ക് ഖേദിച്ച് മടങ്ങുന്നവനുമാക്കേണമേ.

رَبِّ تَقَبَّلْ تَوْبَتِي، وَاغْسِلْ حَوْبَتِي، وَأَجِبْ دَعْوَتِي، وَثَبِّتْ حُجَّتِي، وَاهْدِ قَلْبِي، وَسَدِّدْ لِسَانِي، وَاسْلُلْ سَخِيمَةَ قَلْبِي.

എന്റെ റബ്ബേ, എന്റെ തൗബഃ സ്വീകരിക്കുകയും, എന്റെ പാപം കഴുകുകയും, എന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുകയും, എന്റെ തെളിവ് ഉറപ്പിക്കുകയും, എന്റെ ഹൃദയത്തെ നയിക്കുകയും, എന്റെ നാവിനെ നേരെയാക്കുകയും, എന്റെ ഹൃദയത്തിലെ വിദ്വേഷത്തെ നീ ഊരിക്കളയുകയും ചെയ്യേണമേ.

اللَّهمَّ إنِّي أعُوذُ بِكَ مِنْ شَرِّ سَمْعِي، وَمِنْ شَرِّ بَصَرِي، وَمِنْ شَرِّ لِسَانِي، وَمِنْ شَرِّ قَلْبِي، وَمِنْ شَرِّ مَنِيِّي.

അല്ലാഹുവേ, എന്റെ കേൾവിയുടേയും, കാഴ്ചയുടേയും, നാവിന്റെയും, ഹൃദയത്തിന്റെയും, ഇന്ദ്രിയത്തിന്റെയും ദോഷങ്ങളിൽ നിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു"[1]

اللَّهمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ، وَالْجُذَامِ[3]، وَمِنْ سَيِّئِ الأَسْقَامِ.

അല്ലാഹുവേ, പാണ്ട്, ഭ്രാന്ത്, കുഷ്ഠം, മോശമായ രോഗങ്ങൾ എന്നിവയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു.[2]

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الْأَخْلَاقِ وَالْأَعْمَالِ وَالْأَهْوَاءِ.

അല്ലാഹുവേ, വെറുക്കപ്പെട്ട സ്വഭാവങ്ങളിൽ നിന്നും, പ്രവൃത്തികളിൽ നിന്നും, ദേഹേഛകളിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

اللَّهمَّ إِنَّكَ عُفُوٌّ كَرِيمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي.

അല്ലാഹുവേ, നീ ഔദാര്യവാനും, മാപ്പാക്കുന്നവനും, മാപ്പാക്കുന്നത് ഇഷ്ടപ്പെടുന്നവനുമാണല്ലോ. അതിനാൽ നീ എനിക്ക് മാപ്പ് നൽകേണമേ.

---

1 മുഹമ്മദ് അൽമള്ഹരി പറഞ്ഞു: 'എന്റെ മനിയ്യ് (ശുക്ലം) എന്നെ കീഴടക്കാതിരിക്കാനും, വ്യഭിചാരത്തിൽ അകപ്പെടാതിരിക്കാനും, നിഷിദ്ധമായവ കാണുന്നതിൽ നിന്നും രക്ഷ ലഭിക്കാനുമുള്ള ദുആ.' ('കൂത് അൽ മുഗ്തദി') (ജാമിഅ അൽതിർമിദി 2/860)

2 ജുദാം എന്നാൽ കുഷ്ഠരോഗം എന്നറിയപ്പെടുന്ന രോഗമാണ്. അല്ലാഹു (تَعَالَى) നമ്മെ അതിൽ നിന്ന് രക്ഷിക്കട്ടെ . ഇബ്നു റസ്ലാന്റെ 'ശർഹ് സുനൻ അബീദാവൂദ്' (7/411)

اللَّهمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ، وَتَرْكَ الْمُنْكَرَات، وَحُبَّ الْمَسَاكِينِ، وَأَنْ تَغْفِرَ لِي وَتَرْحَمَنِي، وَإِذَا أَرَدْتَ فِتْنَةً في قَوْمٍ فَتَوَفَّنِي غَيْرَ مَفْتُونٍ، وَأسْأَلُكَ حُبَّكَ، وَحُبَّ مَنْ يُحِبُّكَ، وَحُبَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ.

അല്ലാഹുവേ, നന്മകൾ പ്രവർത്തിക്കാനും തിന്മകൾ വെടിയാനും, പാവപ്പെട്ടവരെ സ്നേഹിക്കാനും എന്നെ നീ അനുഗ്രഹിക്കേണമേ. എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ. ഒരു വിഭാഗത്തെ നീ കുഴപ്പത്തിലാക്കാനുദ്ദേശിക്കുമ്പോൾ കുഴപ്പത്തിലകപ്പെടാതെ എന്നെ നീ മരിപ്പിക്കേണമേ. നിന്നെ സ്നേഹിക്കുവാനും, നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനും, നിന്റെ സ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്ന കർമങ്ങളെ സ്നേഹിക്കുവാനും എന്നെ നീ അനുഗ്രഹിക്കേണമേ.

اللَّهمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ: عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ، عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ.

അല്ലാഹുവേ, ഇഹത്തിലേയും പരത്തിലേയും എനിക്കറിയുന്നതും അറിയാത്തതുമായ മുഴുവൻ നന്മകളും ഞാൻ നിന്നോട് ചോദിക്കുന്നു. ഇഹത്തിലേയും പരത്തിലേയും എനിക്കറിയുന്നതും അറിയാത്തതുമായ മുഴുവൻ തിന്മകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു.

اللَّهمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ، وَأَعُوذُ بِكَ مِنْ شَرِّ مَا عَاذَ بِهِ عَبْدُكَ وَنَبِيُّكَ.

അല്ലാഹുവേ, നിന്റെ നബിയും അടിമയുമായ മുഹമ്മദ് നബി(ﷺ) നിന്നോട് ചോദിച്ചിട്ടുള്ള നന്മകളെല്ലാം ഞാനും ചോദിക്കുന്നു. നിന്റെ നബിയും

അടിമയുമായ മുഹമ്മദ് നബി(ﷺ) അഭയം തേടിയിട്ടുള്ള തിന്മകളിൽ നിന്നെല്ലാം ഞാനും നിന്നോട് അഭയം തേടുന്നു.

اللَّهمَّ إِنِّي أَسْأَلُكَ اَلْجَنَّةَ، وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَعُوذُ بِكَ مِنَ النَّارِ، وَمَا قَرَّبَ مِنْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْرًا.

അല്ലാഹുവേ, എനിക്ക് നീ സ്വർഗവും അതിലേക്കടുപ്പിക്കുന്ന വാക്കും പ്രവൃത്തിയും നൽകേണമേ. നരകത്തിൽ നിന്നും അതിലേക്കടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും എന്നെ നീ സംരക്ഷിക്കുകയും ചെയ്യേണമേ. നീ വിധിക്കുന്ന എല്ലാ വിധികളും എനിക്ക് നന്മയാക്കേണമേ.

اللَّهمَّ احْفَظْنِي بالإِسْلَامِ قائِماً، واحْفَظْنِي بالإِسْلَامِ قاعِداً، واحْفَظْنِي بالإِسْلَامِ راقِداً، ولا تُشْمِتْ بِي عَدُوّاً ولا حاسِداً.

അല്ലാഹുവേ, ഞാൻ നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും ഇസ്ലാം കൊണ്ട് എന്നെ നീ സുരക്ഷിതമാക്കേണമേ. ശത്രുവിനോ, അസൂയക്കാരനോ എന്നിലൂടെ സന്തോഷിക്കാൻ നീ അവസരം നൽകരുതേ.

اللَّهمَّ إِنِّي أسْأَلُكَ مِنْ كُلِّ خَيْرٍ خزائِنُهُ بِيَدِكَ، وأعُوذُ بِكَ مِنْ كُلِّ شَرٍ خَزَائِنُهُ بِيَدِكَ.

അല്ലാഹുവേ! നിന്റെ കൈകളിലുള്ള സർവ്വ നന്മകളുടെയും ഖജനാവുകളിൽ നിന്ന് ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ കൈകളിൽ ഉള്ള എല്ലാ തിന്മകളുടെയും ഖജനാവുകളിൽ നിന്നുമുള്ള രക്ഷയും നിന്നോട് ഞാൻ തേടുന്നു.

اللَّهمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا يَحُولُ بَيْنَنَا وَبَيْنَ مَعَاصِيكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِينِ مَا تُهَوِّنُ عَلَيْنَا مَصَائِبَ الدُّنْيَا.

അല്ലാഹുവേ, ഞങ്ങൾക്കും നിന്നെ ധിക്കരിക്കുന്നതിനുമിടയിൽ മറയിടുന്ന വിധമുള്ള ഭയഭക്തി ഞങ്ങൾക്ക് നീ നൽകേണമേ. ഞങ്ങളെ സ്വർഗത്തിലെത്തിക്കും വിധം നിന്നോടുള്ള അനുസരണം ഞങ്ങൾക്ക് നീ നൽകേണമേ. ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾ നിസ്സാരമാക്കുന്ന ദൃഢവിശ്വാസം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ.

اللَّهمَّ مَتِّعْنَا بأسْمَاعِنا، وَأَبْصَارِنَا، وقُوَّتِنَا مَا أحْيَيْتَنَا، وَاجْعَلْهُ الوارثَ مِنَّا، وَاجْعَلْ ثَأرَنَا عَلَى مَنْ ظَلَمَنَا، وَانْصُرْنَا عَلَى مَنْ عَادَانَا، وَلَا تَجْعَلْ مُصيبَتَنَا فِي دِينِنَا، وَلَا تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا، وَلَا مَبْلَغَ عِلْمِنَا، وَلَا تُسَلِّطْ عَلَيْنَا مَنْ لَا يَرْحَمُنَا.

അല്ലാഹുവേ, ഞങ്ങളെ നീ ജീവിപ്പിക്കുന്ന കാലമത്രയും ഞങ്ങളുടെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജനപ്രദമാക്കുകയും, അവയെ ഞങ്ങളുടെ അനന്തരമാക്കുകയും ചെയ്യേണമേ.*[1] ഞങ്ങളുടെ പ്രതികാരം ഞങ്ങളെ അക്രമിച്ചവരോടാക്കേണമേ. ഞങ്ങളോട് ശത്രുത വെച്ചവർക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ.ഞങ്ങളുടെ ദുരന്തം ദീനിന്റെ കാര്യത്തിലാക്കരുതേ. ഐഹിക ജീവിതത്തെ ഞങ്ങളുടെ മുഖ്യ ചിന്തയോ അറിവിന്റെ ആകെത്തുകയോ ആക്ക

[1] *:അഥവാ: മറ്റെല്ലാ അവയവങ്ങളും ക്ഷയിച്ചാലും മരണം വരേക്കും ഞങ്ങളുടെ കേൾവിയും കാഴ്ചയും ശക്തമായി നിലനിറുത്തണെ. (മഫാതീഹ് ഫീ ഷർഹ് അൽമസാബീഹ് (3/ 248)*

രുതേ. ഞങ്ങളോട് കനിവ് കാണിക്കാത്തവർക്ക് ഞങ്ങളുടെമേൽ ആധിപത്യം നൽകരുതേ.

اللَّهمَّ إني أَعوذ بك من الجُبْنِ، وأعُوذُ بك من البُخْلِ، وأَعوذُ بك أنْ أُرَدَّ إلى أرذَلِ العُمر، وأعوذُ بك من فِتْنَةِ الدّنيا وعَذَابِ القَبْرِ.

അല്ലാഹുവേ, ഭീരുത്വത്തിൽ നിന്നും, പിശുക്കിൽ നിന്നും, വാർദ്ധക്യത്തിന്റെ നിസ്സഹായാവസ്ഥയിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും, ദുൻയാവിലെ പരീക്ഷണത്തിൽ നിന്നും, ഖബ്ർ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

اللَّهمَّ اغْفِرْ لِي خَطِيئَتِي، وَجَهْلِي، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اللَّهمَّ اِغْفِرْ لِي جِدِّي، وَهَزْلِي، وَخَطَئِي، وَعَمْدِي، وَكُلُّ ذَلِكَ عِنْدِي.

അല്ലാഹുവേ! എന്റെ തെറ്റുകളും,വിവരക്കേടും, കാര്യങ്ങളിലുള്ള അതിരുകവിയലും, എന്നേക്കാൾ നിനക്ക് അറിവുള്ള എന്റെ കാര്യങ്ങളും നീ എനിക്ക് പൊറുത്തു തരേണമേ! അല്ലാഹുവേ, ഗൗരവമുള്ളതും, തമാശയായതും, അബദ്ധത്തിൽ സംഭവിച്ചതും, ബോധപൂർവ്വം ചെയ്തതുമെല്ലാം എനിക്ക് നീ പൊറുത്തു തരേണമേ.

اللَّهمَّ اغْفِرْ لِي، وَارْحَمْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي.

അല്ലാഹുവേ, എന്റെ പാപങ്ങൾ പൊറുക്കേണമേ. എന്നോട് കരുണ ചെയ്യേണമേ. എനിക്ക് നേർമാർഗവും സൗഖ്യവും ഉപജീവനവും നൽകേണമേ.

اللَّهمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا، وَلَا يَغْفِرُ الذُّنُوبَ إِلاَّ أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ.

അല്ലാഹുവേ, ഞാൻ എന്നോട് തന്നെ ധാരാളം അതിക്രമം ചെയ്തിട്ടുണ്ട്. നീയല്ലാതെ തെറ്റുകൾ പൊറുക്കുന്നവനില്ല. അതിനാൽ നിന്റെ പക്കൽ നിന്നു

ള്ള പാപമോചനം നൽകി എനിക്ക് നീ പൊറുത്തു തരികയും എന്നോട് കരുണ ചെയ്യുകയും ചെയ്യേണമേ. നീ ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമാണല്ലോ.

اللَّهمَّ لَكَ أَسْلَمْتُ، وَبِكَ آمَنْتُ، وَعَلَيْك تَوَكَّلْتُ، وَإِلَيْكَ أنَبْتُ، وَبِكَ خَاصَمْتُ.

അല്ലാഹുവേ, നിനക്ക് ഞാൻ കീഴ്പ്പെടുകയും, നിന്നിൽ വിശ്വസിക്കുകയും,നിന്റെ മേൽ ഭരമേൽപ്പിക്കുകയും, നിന്നിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും, നിന്നെ മുൻനിറുത്തി സംവദിക്കുകയും ചെയ്യുന്നു.

اللَّهمَّ إني أعُوذُ بعزَّتِكَ؛ لا إلهَ إلاّ أَنْتَ أنْ تُضلَّني، أَنْتَ الحَيُّ الَّذِي لَا تَمُوتُ، وَالجِنُّ والإنْسُ يَمُوتُونَ.

അല്ലാഹുവേ, നിന്റെ പ്രതാപം മുൻനിറുത്തി എന്നെ നീ വഴികേടിലാക്കുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു. നീയല്ലാതെ ആരാധനക്കർഹനില്ല തന്നെ. നീ ഒരിക്കലും മരിക്കാതെ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. ജിന്നുകളും മനുഷ്യരും മരിച്ചു പോകുന്നവരുമാണ്.

اللَّهمَّ إنِّي أسْألُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، والسَّلامَةَ مِنْ كُلِّ إثْمٍ، والغَنِيمَةَ مِنْ كُلِّ بِرٍّ، والفَوْزَ بالجَنَّةِ، والنَّجَاةَ مِنَ النَّارِ.

അല്ലാഹുവേ, നിന്റെ കാരുണ്യം അനിവാര്യമാക്കുന്നതും[1], പാപമോചനം ഉറപ്പാക്കുന്നതും[2], എല്ലാ പാപങ്ങളിൽ നിന്നുമുള്ള സുരക്ഷയും, എല്ലാ പുണ്യങ്ങളുടേയും കൂമ്പാരവും, സ്വർഗവിജയവും, നരകമോചനവും ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ.

اللَّهمَّ اغْفِرْ لِي ذَنْبِي، وَوَسِّعْ لِي فِي دَارِي، وَبَارِكْ لِي فِي رِزْقِي.

അല്ലാഹുവേ, എന്റെ തെറ്റ് പൊറുക്കുകയും, എന്റെ വീട്ടിൽ എനിക്ക് വിശാലത നൽകുകയും, എന്റെ ഉപജീവനത്തിൽ അനുഗ്രഹം നിറക്കുകയും ചെയ്യേണമേ.

اللَّهمَّ إنِّي أسْألُكَ مِنْ فَضْلِكَ وَرَحْمَتِكَ، فإنَّهُ لا يَمْلِكُها إلاّ أنْتَ.

അല്ലാഹുവേ, നിന്റെ ഔദാര്യവും കാരുണ്യവും ഞാൻ ചോദിക്കുന്നു. നീ മാത്രമാണല്ലോ അത് ഉടമപ്പെടുത്തുന്നത്.

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ التَّرَدِّي، وَالْهَدْمِ، وَالْغَرَقِ، وَالْحَرقِ، وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ، وَأَعُوذُ بِكَ أَنْ أَمُوتَ فِي سَبِيلِكَ مُدْبِرًا، وَأَعُوذُ بِكَ أَنْ أَمُوتَ لَدِيغًا.

---

1 അതായത്. നിന്റെ കാരുണ്യത്താൽ എനിക്ക് ലഭിക്കുന്ന പ്രവൃത്തികളും വാക്കുകളും വിശേഷണങ്ങളും. ( *മിഷ്കാഹുൽ മിസ്ബാഹ്*) എന്ന ഗ്രന്ഥത്തിലെ വിശദീകരണം (2/304)

2 عزيمة): العزائم( എന്ന പദത്തിന്റെ ബഹുവചനം. അതായത് മനുഷ്യൻ ഉദ്ദേശിക്കുന്ന പ്രത്യേക കാര്യം; ഹൃദയത്തിന്റെ ഉദ്ദേശവും അതിൽ ഉള്ള ഗൗരവവും. അതായത്, നിന്റെ മാപ്പ് ലഭിക്കുന്നതിനുള്ള പ്രത്യേകതകൾ ഞാൻ ചോദിക്കുന്നു. )304/ 2( المفتاح في شرح المصابيح

അല്ലാഹുവേ, ഉയരങ്ങളിൽ നിന്ന് താഴെ വീഴുന്നതിൽ നിന്നും,തകർന്നു വീഴുന്നതിനടിയിൽ പെടുന്നതിൽ നിന്നും, വെള്ളത്തിൽ മുങ്ങിത്താഴുന്നതിൽ നിന്നും,അഗ്നിബാധയേൽക്കുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. മരണവേളയിൽ പിശാച് എന്നെ അവതാളത്തിലാക്കുന്നതിൽ നിന്നും,(യുദ്ധത്തിൽ) നിന്റെ മാർഗത്തിൽ നിന്ന് പിന്തിരിഞ്ഞോടി മരിക്കുന്നതിൽ നിന്നും, വിഷജന്തുക്കളുടെ കടിയേറ്റ് മരിക്കുന്നതിൽ നിന്നും നിന്നോട് അഭയം തേടുന്നു.

اللَّهمَّ إني أَعوذ بك من الجُوع، فإنه بِئْسَ الضجيعُ، وأعوذ بك من الخِيانة، فإنها بِئْسَتِ البِطانةُ.

അല്ലാഹുവേ, പട്ടിണിയിൽ നിന്നും നിന്നോട് രക്ഷ ചോദിക്കുന്നു, തീർച്ചയായും അത് ദുരവസ്ഥയാണ്. വഞ്ചനയിൽ നിന്നും നിന്നോട് രക്ഷചോദിക്കുന്നു, തീർച്ചയായും അത് മോശമായ ഉള്ളുകളിയാണ്.

اللَّهمَّ إني أعُوذُ بِكَ مِنَ العَجْزِ، والْكَسَلِ، والجُبْنِ، والْبُخْلِ، والْهَرَمِ، والقَسْوَةِ، والغَفْلَةِ، والعَيْلَةِ[7]، والذِّلَّةِ، والْمَسْكَنَةِ، وأعُوذُ بِكَ مِنَ الفَقْرِ، وَالكُفْرِ، والفُسُوقِ، والشِّقَاقَ، والنِّفَاقِ، والسُّمْعَةِ، والرِّياءِ، وأعُوذُ بِكَ مِنَ الصَّمَمِ، والبَكَمِ، والْجُنُونِ، وَالْجُذَامِ، وَالْبَرَصِ، وَسَيِّئِ الأَسْقَامِ.

അല്ലാഹുവേ, അശക്തി, ഉദാസീനത, ഭീരുത്വം, പിശുക്ക്, വാർദ്ധക്യം, പാരുഷ്യം, അശ്രദ്ധ, അപര്യാപ്തത, നിന്ദ്യത, പതിത്വം തുടങ്ങിയവയിൽ നിന്നെല്ലാം നിന്നോട് രക്ഷതേടുന്നു. അതുപോലെ ദാരിദ്ര്യം, അവിശ്വാസം, അധർമ്മം, കലഹം, കാപട്യം, പ്രശസ്തിക്കു വേണ്ടി പ്രവർത്തിക്കൽ, ലോകമാന്യം, മുതലായവയിൽ നിന്നും നിന്നോട് ഞാ

ൻ അഭയം തേടുന്നു. അന്ധത, ബധിരത, മൂകത, ഭ്രാന്ത്, കുഷ്ഠം, പാണ്ട് തുടങ്ങി എല്ലാ ദുഷിച്ച രോഗങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവലിനെ ചോദിക്കുന്നു.[1]

اللَّهمَّ إِنِّى أَعُوذُ بِكَ مِنَ الْفَقْرِ، وَالْقِلَّةِ، وَالذِّلَّةِ، وَأَعُوذُ بِكَ مِنْ أَنْ أَظْلِمَ أَوْ أُظْلَمَ.

അല്ലാഹുവേ, ദാരിദ്ര്യം, മാന്ദ്യം, നിന്ദ്യത മുതലായവയിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു. അതുപോലെ ഞാൻ അക്രമം പ്രവർത്തിക്കുന്നതിൽ നിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും നിന്നോട് രക്ഷതേടുന്നു.

اللَّهمَّ إنِّي أعُوذُ بِكَ مِنْ جارِ السوءِ في دَارِ المُقامَةِ؛ فإنَّ جارَ البادِيَةِ يَتَحَوَّلُ.

അല്ലാഹുവേ, സ്ഥിരമായി താമസിക്കുന്ന ഭവനത്തിൽ ചീത്ത അയൽവാസി ഉണ്ടാകുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. താൽകാലിക അയൽവാസി മാറാനുള്ളതാണല്ലോ.

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لَا يَخْشَعُ، وَمن نَفْسٍ لَا تَشْبَعُ، وَمن دُعَاءٍ لَا يُسْمَعُ، وَمن عِلْمٍ لَا يَنْفَعُ، اللَّهمَّ إِنِّي أَعُوذُ بِكَ مِنْ هُؤُلَاءِ الأَرْبَعِ.

അല്ലാഹുവേ, ഭയഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും, മതിവരാത്ത മനസ്സിൽ നിന്നും, ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽ നിന്നും, പ്രയോജനമില്ലാത്ത അറിവിൽ നിന്നും നിന്നോട് ഞാൻ രക്ഷ

---

[1] അൽഈല: ദാരിദ്ര്യം. (അൽമുഅല്ലിം ബിഫവായിദ് മുസ്ലിം (1/279)

തേടുന്നു.ഈ നാല് കാര്യങ്ങളിൽ നിന്നും നിന്നോ ട് ഞാൻ അഭയം തേടുന്നു.

اللَّهم إني إعوذُ بك من يومِ السوءِ، ومنْ ليلةِ السوءِ، ومنْ ساعة السوءِ، ومنْ صاحبِ السوءِ، ومنْ جارِ السوءِ في دارِ المُقامة.

അല്ലാഹുവേ, ചീത്ത രാവ്, ചീത്ത പകൽ, ചീത്ത സമയം, ചീത്ത കൂട്ടുകാരൻ, നിത്യവാസ ഭവന ത്തിലെ ചീത്ത അയൽവാസി എന്നിവയിൽ നി ന്നെല്ലാം നിന്നോട് ഞാൻ രക്ഷ തേടുന്നു.

اللَّهم إني أسألك الجنة وأستجير بك من النار.

അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗം ചോദി ക്കുന്നു. നരകത്തിൽ നിന്ന് നിന്നോട് ഞാൻ രക്ഷ തേടുന്നു.

اللَّهمَّ فَقِّهني فِي الدِّينِ.

അല്ലാഹുവേ, എനിക്ക് ദീനിൽ അവഗാഹം നൽ കേണമേ.

اللَّهمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لَا أَعْلَمُ.

അല്ലാഹുവേ, ഞാൻ അറിഞ്ഞു കൊണ്ട് നിന്നിൽ പങ്കു ചേർക്കുന്നതിൽ നിന്നും നിന്നോട് ഞാൻ ര ക്ഷ തേടുന്നു. അറിയാതെ സംഭവിക്കുന്നതിൽ നിന്നും നിന്നോട് ഞാൻ പൊറുക്കൽ തേടുന്നു.

اللَّهمَّ انْفَعْنِي بِمَا عَلَّمْتَنِي، وَعَلِّمْنِي مَا يَنْفَعُنِي، وَزِدْنِي عِلْمًا.

അല്ലാഹുവേ, നീ എനിക്ക് നൽകിയ വിജ്ഞാന ത്തിൽ എനിക്ക് പ്രയോജനം തരേണമേ. പ്രയോജ നകരമായ വിജ്ഞാനം എനിക്ക് നീ നൽകേണമേ . എനിക്ക് അറിവ് വർദ്ധിപ്പിച്ചു തരേണമേ.

اللَّهمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَرِزْقًا طَيِّبًا، وَعَمَلًا مُتَقَبَّلًا.

അല്ലാഹുവേ, ഉപകാരപ്രദമായ അറിവും, വിശിഷ്ടമായ ഉപജീവനവും, സ്വീകാര്യമായ കർമവും ഞാൻ നിന്നോട് ചോദിക്കുന്നു.

اللَّهمَّ إِنِّي أَسْأَلُكَ يَا اللَّه بِأَنَّكَ الْوَاحِدُ الْأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ أَنْ تَغْفِرَ لِي ذُنُوبِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ.

അല്ലാഹുവേ, നീ ഏകനും, ഒരുവനും, സ്വയം പര്യാപ്തനും, ജനകനോ ജനയിതാവോ അല്ലാത്താവനും,നിനക്ക് തുല്യമായി ആരും തന്നെ ഇല്ലാത്തവനുമാണ്. എന്റെ പാപങ്ങൾ പൊറുത്തുതരേണമേ എന്ന് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു. നീ ഏറെ പൊറുക്കുന്നവനും കരുണാവാരിധിയുമാണല്ലോ.

اللَّهمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدَ، لَا إِلَهَ إِلَّا أَنْتَ، وَحْدَكَ لَا شَرِيكَ لَكَ الْمَنَّانُ يَا بَدِيعَ السَّمَوَاتِ وَالْأَرْضِ، يَا ذَا الْجَلَالِ وَالْإِكْرَامِ، يَا حَيُّ يَا قَيُّومُ، إِنِّي أَسْأَلُكَ الْجَنَّةَ وأَعُوذُ بِكَ مِنَ النَّارِ.

അല്ലാഹുവേ, നിനക്കാണ് സർവ്വ സ്തുതിയും, നീയല്ലാതെ ആരാധനക്കർഹനില്ല, നീ ഏകനും പങ്കുകാരില്ലാത്തവനുമാണ്, ഏറ്റവും ഔദാര്യവാനുമാണ്. ആകാശ ഭൂമികളെ മാതൃകയില്ലാതെ സൃഷ്ടിച്ചവനേ! ഏറ്റവും മഹത്വമുള്ളവനും ആദരവുകളുള്ളവനുമായവനേ! എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിച്ചു കൊണ്ടിരിക്കുന്നവനുമായവനേ! നിന്നോട് ഞാൻ സ്വർഗം ചോദിക്കുകയും നരകത്തിൽ നിന്നും കാവൽ തേടുകയും ചെയ്യുന്നു.

اللَّهمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللَّه، لَا إِلَهَ إِلَّا أَنْتَ، اَلْأَحَدُ، اَلصَّمَدُ، اَلَّذِي لَمْ يَلِدْ، وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ.

അല്ലാഹുവേ, നീയല്ലാതെ ആരാധനക്കർഹനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, നീ ഏകനും സ്വയംപര്യാപ്തനും ജനിക്കുകയോ ജന്മം നൽകുകയോ ചെയ്തിട്ടില്ലാത്തവനും,നിനക്ക് തുല്യമായി ആരും തന്നെ ഇല്ലാത്തവനുമാണ്. ഇത് മുൻനിറുത്തി നിന്നോട് ഞാൻ ചോദിക്കുന്നു.

ربِّ اغْفِر لي وتُب عَليَّ، إنك أَنت التَّوَّابُ الغفورُ.

എന്റെ റബ്ബേ, നീ എനിക്ക് പൊറുത്തു തരികയും എന്റെ പശ്ചാതാപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പശ്ചാതാപം ഏറെ സ്വീകരിക്കുന്നവനും, ഏറെ പൊറുക്കുന്നവനുമാണല്ലോ.

اللَّهمَّ بِعِلْمِكَ الْغَيْب، وَقُدْرَتِكَ عَلَى الْخَلْقِ، أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي.

അല്ലാഹുവേ, നിന്റെ അദൃശ്യജ്ഞാനവും സൃഷ്ടികളുടെ മേലുള്ള നിന്റെ ശക്തിയും മുൻനിറുത്തി ഞാനിതാ ചോദിക്കുന്നു.എനിക്ക് ഉത്തമം ജീവിതമാണെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ.എനിക്ക് മരണമാണ് ഉത്തമമെന്ന് നീ അറിയുന്നുവെങ്കിൽ എന്നെ നീ മരിപ്പിക്കേണമേ.

اللَّهمَّ أَسْأَلُكَ خَشْيَتَكَ فِي الْغَيْبِ وَالشَّهَادَةِ، وَأَسْأَلُكَ كَلِمَةَ الْحَقِّ فِي الرِّضَا وَالْغَضَبِ، وَأَسْأَلُكَ الْقَصْدَ فِي الْفَقْرِ وَالْغِنَى، وَأَسْأَلُكَ نَعِيمًا لَا يَنْفَدُ، وَأَسْأَلُكَ قُرَّةَ عَيْنٍ لَا تَنْقَطِعُ، وَأَسْأَلُكَ الرِّضَاءَ بَعْدَ الْقَضَاءِ، وَأَسْأَلُكَ بَرْدَ الْعَيْشِ بَعْدَ الْمَوْتِ، وَأَسْأَلُكَ لَذَّةَ النَّظَرِ إِلَى وَجْهِكَ، وَالشَّوْقَ إِلَى لِقَائِكَ فِي غَيْرِ ضَرَّاءَ مُضِرَّةٍ، وَلَا فِتْنَةٍ مُضِلَّةٍ.

അല്ലാഹുവേ, രഹസ്യത്തിലും പരസ്യത്തിലും നിന്നെ ഭയപ്പെടുവാനും, തൃപ്തിയിലും കോപത്തി

ലും സത്യം പറയാനും, ക്ഷാമത്തിലും സുഭിക്ഷതയിലും മിതത്വം പാലിക്കാനുമുള്ള തൗഫീഖ് ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, തീർന്നു പോകാത്ത സുഖങ്ങളും, അറ്റുപോകാത്ത കൺകുളിർമയും, കഴിഞ്ഞുപോയ വിധിയിലുള്ള സംതൃപ്തിയും, മരണാനന്തരം ജീവിത വിജയവും, നിന്റെ തിരുമുഖം ദർശിക്കുന്നതിലുള്ള ആനന്ദവും, ക്ലേശപൂർണമായ പ്രയാസമോ വഴിപിഴപ്പിക്കുന്ന പരീക്ഷണങ്ങളോ കൂടാതെ നിന്നെ കണ്ടുമുട്ടാനുള്ള അഭിലാഷവും നിന്നോട് ഞാൻ ചോദിക്കുന്നു.

اللَّهمَّ زَيِّنَّا بِزِينَةِ الْإِيمَانِ، وَاجْعَلْنَا هُدَاةً مُهْتَدِينَ.

അല്ലാഹുവേ, ഈമാനിന്റെ അലങ്കാരത്തോടെ ഞങ്ങളെ നീ അലങ്കരിക്കേണമേ. ഞങ്ങളെ സന്മാർഗത്തിന്റെ വഴികാട്ടികളും സന്മാർഗത്തിൽ നയിക്കപ്പെടുന്നവരുമാക്കേണമേ.

اللَّهمَّ ارْزُقْنِي حُبَّكَ، وَحُبَّ مَنْ يَنْفَعُنِي حُبُّهُ عِنْدَكَ

അല്ലാഹുവേ, നിന്നോടുള്ള സ്നേഹവും, സ്നേഹിക്കുന്നത് നിന്റെയടുത്ത് ഉപകരിക്കുന്നവരോടുള്ള സ്നേഹവും എനിക്ക് നീ പ്രദാനം ചെയ്യേണമേ.

اللَّهمَّ مَا رَزَقْتَنِي مِمَّا أُحِبُّ فَاجْعَلْهُ قُوَّةً لِي فِيمَا تُحِبُّ

അല്ലാഹുവേ, ഞാൻ ഇഷ്ടപ്പെടുന്നതായി നീ നൽകിയതെല്ലാം നിന്റെ ഇഷ്ടത്തിന് വിനിയോഗിക്കാനുള്ള ശക്തിയാക്കിത്തരേണമേ!

اللَّهمَّ وَمَا زَوَيْتَ عَنِّي مِمَّا أُحِبُّ فَاجْعَلْهُ فَرَاغًا لِي فِيمَا تُحِبُّ.

അല്ലാഹുവേ, ഞാൻ ഇഷ്ടപ്പെടുന്നത് നീ തടഞ്ഞത് നീ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കാനുള്ള അവസരമാക്കേണമേ.

اللَّهمَّ إِنِّي أَعُوذُ بِكَ مِنَ الْجُبْنِ، وَالْبُخْلِ، وَسُوءِ الْعُمُرِ، وَفِتْنَةِ الصَّدْرِ، وَعَذَابِ الْقَبْرِ.

അല്ലാഹുവേ, ഭീരുത്വത്തിൽ നിന്നും, പിശുക്കിൽ നിന്നും, ആയുസ്സിന്റെ (ദൈർഘ്യം കൊണ്ടുണ്ടാകുന്ന) ദുരവസ്ഥയിൽ നിന്നും, ഹൃദയത്തിന്റെ കുഴപ്പങ്ങളിൽ നിന്നും, ഖബ്റിലെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

اللَّهمَّ رَبَّ جِبْرَائِيلَ وَمِيكَائِيلَ، وَرَبَّ إِسْرَافِيلَ، أَعُوذُ بِكَ مِنْ حَرِّ النَّارِ، وَمِنْ عَذَابِ الْقَبْرِ.

ജിബ്രീലിന്റെയും മീകാഈലിന്റെയും ഇസ്റാഫീലിന്റെയും റബ്ബായ അല്ലാഹുവേ, നരകത്തിന്റെ ചൂടിൽ നിന്നും ഖബ്റിന്റെ ശിക്ഷയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.

اللَّهمَّ أَلْهِمْنِي رُشْدِي، وَأَعِذْنِي مِنْ شَرِّ نَفْسِي.

അല്ലാഹുവേ, എനിക്ക് നേർവഴി തോന്നിപ്പിക്കുകയും എന്റെ മനസ്സിന്റെ തിന്മയിൽ നിന്ന് എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ.

اللَّهمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَأَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ.

അല്ലാഹുവേ, ഉപകാരപ്പെടുന്ന വിജ്ഞാനം ഞാൻ നിന്നോട് ചോദിക്കുന്നു. ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.

اللَّهمَّ رَبَّ السَّمَوَاتِ السبع، وَرَبَّ الْأَرْضِ، وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْفُرْقَانِ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، اللَّهمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ، وَأَغْنِنَا مِنْ الْفَقْرِ.

അല്ലാഹുവേ, ഏഴ് ആകാശങ്ങളുടേയും ഭൂമിയുടേയും മഹത്തായ സിംഹാസനത്തിന്റെയും റബ്ബേ, ഞങ്ങളുടേയും സർവ്വ ചരാചരങ്ങളുടെയും റബ്ബേ, ധാന്യവും വിത്തും മുളപ്പിക്കുന്നവനേ[1], തൗറാത്തും ഇഞ്ചീലും ഖുർആനും അവതരിപ്പിച്ചവനേ, നീ മൂർദ്ദാവിനു പിടിച്ചിട്ടുള്ള (നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന) സർവ്വ വസ്തുക്കളുടേയും ദോഷത്തിൽ നിന്ന് നിന്നിൽ ഞാൻ അഭയം തേടുന്നു . അല്ലാഹുവേ, നീയാണ് ആദിമൻ, നിനക്കു മുമ്പായി യാതൊന്നുമില്ല; നീയാണ് അന്തിമൻ, നിനക്ക് ശേഷം യാതൊന്നുമില്ല; നീയാണ് മുകളിലുള്ളവൻ, നിനക്കു മീതെ യാതൊന്നുമില്ല; നീയാണ് അടുത്തുള്ളവൻ, നിന്നെക്കാൾ അടുത്ത് യാതൊന്നുമില്ല; ഞങ്ങളുടെ കടങ്ങൾ നീ തീർക്കുകയും ദാരിദ്ര്യത്തിൽ നിന്ന് ഞങ്ങൾക്ക് ധന്യത നൽകുകയും ചെയ്യേണമേ.

اللَّهمَّ أَلِّفْ بَيْنَ قُلُوبِنَا، وَأَصْلِحْ ذَاتَ بَيْنِنَا، وَاهْدِنَا سُبُلَ السَّلَامِ، وَنَجِّنَا مِنْ الظُّلُمَاتِ إِلَى النُّورِ، وَجَنِّبْنَا الْفَوَاحِشَ وَالْفِتَنَ، مَا ظَهَرَ مِنْهَا، وَمَا بَطَنَ، وَبَارِكْ لَنَا فِي أَسْمَاعِنَا، وَأَبْصَارِنَا، وَقُلُوبِنَا، وَأَزْوَاجِنَا، وَذُرِّيَّاتِنَا، وَتُبْ

---

[1] അഥവാ:ധാന്യത്തിന്റെ വിത്ത് പൊട്ടിച്ച് അതിൽ നിന്ന് കതിര് പുറപ്പെടുവിക്കുന്നു, ഈത്തപ്പഴ കുരുവിൽ നിന്നാണ് ഈത്തപ്പന ഉണ്ടാകുന്നത്.المفهم لما أشكل من تلخيص كتاب مسلم(41/7)

عَلَيْنَا إِنَّك أَنْتَ التَّوَّابُ الرَّحِيمُ، وَاجْعَلْنَا شَاكِرِينَ لِنِعَمِك، مُثْنِينَ بِهَا عَلَيْكَ، قَابِلِينَ لهَا، وَأَتِممْها عَلَيْنَا.

അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കമുണ്ടാക്കേണമേ, ഞങ്ങൾ തമ്മിലുള്ള ബന്ധം നീ നന്നാക്കേണമേ, സമാധാനത്തിന്റെ മാർഗത്തിൽ ഞങ്ങളെ നീ നയിക്കുകയും അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് രക്ഷിക്കുകയും ചെയ്യേണമേ, പ്രത്യക്ഷവും പരോക്ഷവുമായ മ്ലേഛതകളിൽ നിന്നും കലഹങ്ങളിൽ നിന്നും ഞങ്ങളെ നീ അകറ്റേണമേ, ഞങ്ങളുടെ കണ്ണുകളിലും കാതുകളിലും ഹൃദയങ്ങളിലും ഇണകളിലും സന്താനങ്ങളിലും നീ അനുഗ്രഹം ചൊരിയേണമേ, ഞങ്ങളുടെ പശ്ചാതാപം സ്വീകരിക്കേണമേ, തീർച്ചയായും നീ ഏറെ പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാവാരിധിയുമാണല്ലോ.നീ ഞങ്ങളെ നിന്റെ അനുഗ്രഹങ്ങളെ സ്വീകരിക്കുന്നവരും അതിന്റെ പേരിൽ നിന്നെ പ്രശംസിക്കുന്നവരും നന്ദി കാണിക്കുന്നവരുമാക്കേണമേ. അവ ഞങ്ങൾക്ക് നീ പൂർത്തിയാക്കി നൽകേണമേ.

اللَّهمَّ إنّي أسْألُكَ خَيرَ المسْألَةِ، وخَيْرَ الدُّعَاءِ، وخَيْرَ النَّجَاح، وخَيْرَ العَمَلِ، وخَيْرَ الثَّوابِ، وخَيْرَ الْحَيَاةِ، وخَيْرَ الْمَمَاتِ، وثَبِّتْنِي، وثَقِّلْ مَوَازِينِي، وحَقِّقْ إيْمانِي، وَارْفَعْ دَرَجاتِي، وَتَقَبَّلْ صَلَاتِي، وَاغْفِرْ خَطِيئَتِي، وَأَسْأَلُكَ الدَّرجَاتِ العُلَا مِنَ الْجَنَّةِ.

അല്ലാഹുവേ, ഏറ്റവും നല്ല അപേക്ഷയും, ഏറ്റവും നല്ല പ്രാർത്ഥനയും, ഏറ്റവും നല്ല വിജയവും, ഏറ്റവും നല്ല പ്രവർത്തനവും, ഏറ്റവും നല്ല പ്രതിഫലവും, ഏറ്റവും നല്ല ജീവിതവും, ഏറ്റവും നല്ല മ

രണവും നിന്നോട് ഞാൻ തേടുന്നു. എനിക്കു നീ സ്ഥൈര്യം നൽകേണമേ. എന്റെ തുലാസുകൾ നന്മകളാൽ കനം കൂട്ടേണമേ, എന്റെ വിശ്വാസം യാഥാർത്ഥ്യമാക്കേണമേ, എന്റെ പദവികൾ ഉയർത്തേണമേ, എന്റെ നിസ്കാരം സ്വീകരിക്കേണമേ, എന്റെ പാപങ്ങൾ പൊറുക്കേണമേ, സ്വർഗത്തിൽ ഉന്നതമായ പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു.

اللَّهمَّ إنّي أَسْأَلُكَ فَوَاتِحَ الْخَيْرِ، وخَوَاتِمَهُ، وَجَوَامِعَهُ، وَأَوَّلَهُ، وَظَاهِرَهُ، وَبَاطِنَهُ، وَالدَّرَجَاتِ الْعُلَا مِنَ الْجَنَّةِ.

അല്ലാഹുവേ, നന്മയുടെ തുടക്കവും, പര്യവസാനവും, സമാഹാരവും, അതിന്റെ ആദ്യവും, ബാഹ്യവും, ആന്തരികവും, സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് ഞാൻ തേടുന്നു.

اللَّهمّ إِنّي أَسْأَلُكَ خَيْرَ مَا آتِي، وَخَيْرَ مَا أَفْعَلُ، وَخَيْرَ مَا أعْمَلُ، وَخَيْرَ مَا بَطَنَ، وَخَيْرَ مَا ظَهَرَ، وَالدَّرَجَاتِ الْعُلَا مِنَ الْجَنَّةِ.

അല്ലാഹുവേ, ഞാൻ കൊണ്ടുവരുന്നതിലേറ്റവും ഉത്തമമായതും, അനുഷ്ഠിക്കുന്നതിലേറ്റവും ഉത്തമമായതും, പ്രത്യക്ഷമായതിലേറ്റവും ഉത്തമമായതും, പരോക്ഷമായതിലേറ്റവും ഉത്തമമായതും, സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് ഞാൻ തേടുന്നു.

اللَّهمَّ إنّي أَسْأَلُكَ أَنْ تَرْفَعَ ذِكْرِي، وَتَضَعَ وِزْرِي، وَتُصْلِحَ أَمْرِي، وَتُطَهِّرَ قَلْبِي، وَتُحَصِّنَ فَرْجِي، وَتُنَوِّرَ قَلْبِي، وَتَغْفِرَ لِي ذَنْبِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ.

അല്ലാഹുവേ, എന്റെ കീർത്തി നീ ഉയർത്തേണമേ, എന്റെ പാപങ്ങൾ ഇല്ലാതാക്കേണമേ, എന്റെ

കാര്യങ്ങൾ നന്നാക്കി തീർക്കുകയും, എന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയും, ഗുഹ്യസ്ഥാനത്തെ നിഷിദ്ധങ്ങളിൽ നിന്ന് സംരക്ഷിക്കുകയും, എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുകയും, എന്റെ പാപങ്ങൾ പൊറുക്കുകയും ചെയ്യേണമേ, സ്വർഗത്തിലെ ഉന്നതമായ പദവികളും നിന്നോട് ഞാൻ തേടുന്നു.

اللَّهمَّ إنّي أَسْأَلُكَ أَنْ تُبارِكَ فِي نَفْسِي، وَفِي سَمْعِي، وَفِي بَصَرِي، وَفِي رُوحِي، وَفِي خَلْقِي، وَفِي خُلُقِي، وَفِي أَهْلِي، وَفِي مَحْيَايَ، وَفِي مَمَاتِي، وَفِي عَمَلِي، فَتَقَبَّلْ حَسَنَاتِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ.

അല്ലാഹുവേ, എന്റെ മനസ്സിലും, എന്റെ കാതിലും , എന്റെ കണ്ണിലും, എന്റെ ആത്മാവിലും, എന്റെ രൂപത്തിലും, എന്റെ സ്വഭാവത്തിലും, എന്റെ കുടുംബത്തിലും, എന്റെ ജീവിതത്തിലും, എന്റെ മരണത്തിലും, എന്റെ കർമത്തിലുമെല്ലാം നീ അനുഗ്രഹം നൽകേണമേ. എന്റെ സൽ പ്രവർത്തനങ്ങൾ നീ സ്വീകരിക്കേണമേ, സ്വർഗത്തിലെ ഉന്നതമായ പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു.

اللَّهمَّ، جَنِّبْنِي مُنْكَرَاتِ الأَخْلاقِ، وَالأَعْمَالِ، وَالأَهْوَاءِ، وَالأدْوَاءِ.

അല്ലാഹുവേ, മോശം സ്വഭാവങ്ങളിൽ നിന്നും, പ്രവൃത്തികളിൽ നിന്നും, ദേഹേഛകളിൽ നിന്നും, രോഗങ്ങളിൽ നിന്നും എന്നെ നീ അകറ്റേണമേ.

اللَّهمَّ قَنِّعْنِي بِمَا رَزَقْتَنِي، وَبَارِكْ لِي فِيهِ، وَاخْلُفْ عَلَيَّ كُلَّ غَائِبَةٍ لِي بِخَيْرٍ.

അല്ലാഹുവേ, നീ നൽകിയ വിഭവങ്ങൾ കൊണ്ട് എന്നെ സംപ്രീതനാക്കുകയും അതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. എന്നിൽ നി

ന്നും മറഞ്ഞു പോയതിനെല്ലാം ഏറ്റവും ഉത്തമമായത് നീ എനിക്ക് പകരം നൽകേണമേ.

اللَّهمَّ حَاسِبْنِي حِسَابًا يَسِيرًا.

അല്ലാഹുവേ, എന്റെ വിചാരണ ഏറ്റവും ലഘുവായ വിചാരണയാക്കേണമേ.

اللَّهمَّ أَعِنِّي عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ.

അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും, നിനക്ക് നന്ദി ചെയ്യുവാനും നല്ല നിലയിൽ നിന്നെ ഇബാദത്ത് ചെയ്യുവാനും എന്നെ നീ സഹായിക്കേണമേ.

اللَّهم إِنِّي أَسْأَلُكَ إِيمَانًا لَا يَرْتَدُّ، وَنَعِيمًا لَا يَنْفَدُ، وَمُرَافَقَةَ نَبِيِّكَ مُحَمَّدٍ صلى الله عليه وسلم فِي أَعْلَى جَنَّةِ الْخُلْدِ.

അല്ലാഹുവേ, പിന്തിരിയാത്ത ഈമാനും തീർന്നു പോകാത്ത അനുഗ്രഹവും നിത്യസ്വർഗത്തിന്റെ അത്യുന്നതിയിൽ മുഹമ്മദ് നബിയോടൊപ്പമുള്ള (ﷺ) സഹവാസവും ഞാൻ നിന്നോട് തേടുന്നു.

اللَّهمَّ قِنِي شَرَّ نَفْسِي، وَاعْزِمْ لِي عَلَى أَرْشَدِ أَمْرِي، اللَّهمَّ اغْفِرْ لِي مَا أَسْرَرْتُ، وَمَا أَعْلَنْتُ، وَمَا أَخْطَأْتُ، وَمَا عَمَدْتُ، وَمَا عَلِمْتُ، وَمَا جَهِلْتُ.

അല്ലാഹുവേ, എന്റെ മനസ്സിന്റെ തിന്മയിൽ നിന്ന് എന്നെ കാത്തീടണമേ, എന്റെ കാര്യത്തിൽ ഏറ്റവും ശരിയായത് എനിക്ക് നീ ഉറപ്പിക്കേണമേ. അല്ലാഹുവേ, ഞാൻ രഹസ്യമാക്കിയതും പരസ്യമാക്കിയതും എന്റെ അബദ്ധവും ഞാൻ ബോധപൂർവ്വം ചെയ്തതും അറിയാതെ ചെയ്തതും നീ പൊറുത്തു തരേണമേ.

اللَّهمَّ إِنِّي أَعُوذُ بِكَ مِنْ غَلَبَةِ الدَّيْنِ، وَغَلَبَةِ الْعَدُوِّ، وَشَمَاتَةِ الْأَعْدَاءِ.

അല്ലാഹുവേ, കടം കൊണ്ട് വലയുന്നതിൽ നിന്നും ശത്രുവിന് വിജയം ലഭിക്കുന്നതിൽ നിന്നും ശത്രുക്കൾക്ക് ആഹ്ളാദം നൽകുന്നതിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു.

اللَّهمَّ اغْفِرْ لِي، وَاهْدِنِي، وَارْزُقْنِي، وَعَافِنِي، أَعُوذُ بِاللَّه مِنْ ضِيقِ الْمَقَامِ يَوْمَ الْقِيَامَةِ.

അല്ലാഹുവേ, എനിക്ക് പൊറുത്തു തരേണമേ, എന്നെ സന്മാർഗത്തിൽ നയിക്കേണമേ, എനിക്ക് ഉപജീവനം തരേണമേ, എനിക്ക് സൗഖ്യം തരേണമേ, അന്ത്യനാളിലെ വിചാരണക്ക് വേണ്ടിയുള്ള നിൽപ്പിന്റെ ഞെരുക്കത്തിൽ നിന്നും അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു.

اللَّهمَّ مَتِّعْنِي بِسَمْعِي، وَبَصَرِي، وَاجْعَلْهُمَا الْوَارِثَ مِنِّي، وَانْصُرْنِي عَلَى مَنْ يَظْلِمُنِي، وَخُذْ مِنْهُ بِثَأْرِي.

അല്ലാഹുവേ, എന്റെ കേൾവികൊണ്ടും കാഴ്ചകൊണ്ടും എനിക്ക് പ്രയോജനമേകേണമേ. എന്നിൽ നിന്നും നീ അവയെ അനന്തരമാക്കേണമേ. എന്നെ അക്രമിക്കുന്നവന്നെതിരെ എന്നെ സഹായിക്കുകയും അവനിൽ നിന്നും എനിക്കുവേണ്ടി പ്രതികാരമെടുക്കുകയും ചെയ്യേണമേ.

اللَّهمَّ إنِي أَسْأَلُكَ عِيشَةً نَقِيَّةً، ومِيتَةً سَوِيّةً، ومَرداً غَيْرَ مُخْزٍ، ولَا فَاضِحٍ.

അല്ലാഹുവേ, പരിശുദ്ധമായ ജീവിതവും സമാധാനത്തോടെയുള്ള മരണവും നിന്ദ്യതയോ അവഹേളനമോ കൂടാത്ത മടക്കവും നിന്നോട് ഞാൻ തേടുന്നു.

اللَّهمَّ أَحْسَنْتَ خَلْقِي، فَأَحْسِنْ خُلُقِي.

അല്ലാഹുവേ, എന്റെ സൃഷ്ടിപ്പ് ഭംഗിയാക്കിയതു പോലെ എന്റെ സ്വഭാവവും മനോഹരമാക്കേണമേ.

اللَّهمِ اَغْفِرْ لِلْمُؤْمِنِينَ وَالمُؤْمِنَاتِ.

അല്ലാഹുവേ, ഈമാനുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പൊറുത്തു കൊടുക്കേണമേ.

اللَّهمَّ ثَبِّتني وَاجْعَلْني هَادِيًا مَهْدِيًّا.

അല്ലാഹുവേ, എനിക്ക് സ്ഥൈര്യം നൽകേണമേ. എന്നെ സൻമാർഗത്തിൽ നയിക്കുന്നവനും നയിക്കപ്പെടുന്നവനുമാക്കേണമേ.

اللَّهمَّ آتِنِي الْحِكْمَةَ الّتِي مَنْ أُوتِيهَا فَقَدْ أُوتِيَ خَيْراً كَثِيراً.

അല്ലാഹുവേ, എനിക്ക് ജ്ഞാനം നൽകേണമേ. ആർക്കാണോ ജ്ഞാനം ലഭിക്കുന്നത് അയാൾക്ക് ധാരാളം നന്മകൾ ലഭിക്കുന്നു.

അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ, നമ്മുടെ റസൂലായ മുഹമ്മദ് നബിക്ക് മേൽ അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാകട്ടെ!

# ഉള്ളടക്കം

സമഗ്രമായ പ്രാർത്ഥനകൾ....................................................................2
ആദ്യമായി: പ്രാർത്ഥനകൾ ഖുർആനിൽ നിന്ന്..............2
രണ്ടാമതായി: നബിയുടെ (ﷺ) സുന്നത്തിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകൾ: ............................................................................ 11

ml411v1.0 - 06/09/2026